(സി) നെയ്യാറ്റിൻകരയിലെ ജുഡീഷ്യൽ ഉദ്യോഗസ്ഥരിൽ എത്ര പേർ വാടക കെട്ടിടത്തിൽ താമസിക്കുന്നു; ഇതിനായി ഓരോ മാസവും വാടക ഇനത്തിൽ ഓരോരുത്തർക്കും എന്തു തുക ചെലവിടുന്നു;

(ഡി) ഈ ഉദ്യോഗസ്ഥരെ വാടക കെട്ടിടങ്ങളിൽ നിന്നും പഴയ കോടതി പ്രവർത്തിപ്പിച്ചിരുന്ന കെട്ടിടങ്ങളിലേക്ക് മാറ്റി ചെലവ് ചുരുക്കൽ പ്രക്രിയ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) പബ്ലിക് പ്രോസിക്യൂട്ടർക്ക് ബാർ അസോസിയേഷൻ ഹാളിൽ മുറി നൽകാത്തതുമൂലം പുതിയ കോടതി പ്രവർത്തനം തുടങ്ങാൻ വൈകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) പ്രസ്തുത പബ്ലിക് പ്രോസിക്യൂട്ടർക്ക് ഒഴിഞ്ഞു കിടക്കുന്ന പഴയ കോടതി കെട്ടിടത്തിൽ തന്നെ സ്ഥലം നൽകുവാൻ സർക്കാർ അടിയന്തിര നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) നെയ്യാറ്റിൻകരയിൽ അനുവദിച്ച അബ്കാരി കോടതിക്ക് സ്ഥലസൗകര്യം ലഭ്യമല്ലാത്തതിനാലാണ് പ്രവർത്തനം ആരംഭിക്കാൻ വൈകുന്നത്. ഇതിനായി നെയ്യാറ്റിൻകര കോടതി സമുച്ചയത്തിൽ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിന് ജില്ലാ ജഡ്ജിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പുതിയ കോടതി സമുച്ചയത്തിലേക്ക് മാറ്റിയ കോടതികൾ വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിച്ചിരുന്നത്.

(സി) നാല് ജുഡീഷ്യൽ ഓഫീസർമാർ വാടകക്കെട്ടിടങ്ങളിലാണ് താമസിക്കുന്നത്. ഓരോരുത്തർക്കും ഇതിനായി ചിലവിടുന്ന തുക താഴെ കൊടുക്കുന്നു:

1. നെയ്യാറ്റിൻകര ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ്—2500 രൂപ.
2. ഫസ്റ്റ്ക്ലാസ് അഡീഷണൽ മുൻസിഫ്, നെയ്യാറ്റിൻകര—2500 രൂപ.
3. എം. എ. സി. റ്റി. ജഡ്ജി—3000 രൂപ.
4. സബ്ജഡ്ജി, നെയ്യാറ്റിൻകര—2395 രൂപ.

(ഡി) നീതിന്യായ വകുപ്പിന്റെ കീഴിൽ ഒഴിവുള്ള കെട്ടിടങ്ങൾ ഒന്നും തന്നെ നിലവിലില്ല.

(ഇ) ഇല്ല.

(എഫ്) ബാധകമല്ല.

അതിരുതർക്കം സംബന്ധിച്ച് സോമശേഖരൻ നായരുടെ പരാതി

77 [5221] ശ്രീ. കെ. അച്ചുതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി സംബന്ധിച്ച് സിവിൽ കോടതിയിൽ അതിരുതർക്കം നിലവിലിരിക്കുമ്പോൾ തർക്കമുള്ള കക്ഷികളിലെ ഒരാൾ ആ ഭൂമിയുമായി ബന്ധപ്പെട്ട് കുറ്റകൃത്യം കാണിക്കുന്നതിനെപ്പറ്റി പോലീസിൽ പരാതി ലഭിക്കുമ്പോൾ പോലീസ് നടപടി സ്വീകരിക്കാറുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരിക്കുമോ;

(സി) തിരുവനന്തപുരം താലൂക്കിൽ മണക്കാട് വില്ലേജിൽ സർവ്വേ നമ്പർ 3488/8-10 (റീ സർവ്വേ 42)-ന്റെ ഉടമയായ ശ്രീ. സോമശേഖരൻ നായർ, ഭാസ്കര വിലാസ്, വെള്ളായണി, നേമം പി.ഒ. എന്നയാളും നാണുക്കുട്ടൻ നായർ മുതൽ പേരും തമ്മിലുള്ള അതിർത്തി തർക്കത്തിന് സിവിൽ കോടതി സ്റ്റേ നൽകിയിട്ടുണ്ടോ;

(ഡി) ശ്രീ. സോമശേഖരൻ നായരുടെ ഉടമസ്ഥതയിലുള്ള പ്രസ്തുത ഭൂമിയിൽ കയറി ശ്രീ. നാണുക്കുട്ടൻ നായർ മുതൽ പേർ തേങ്ങ മോഷ്ടിക്കുന്നത് സംബന്ധിച്ച് ഫോർട്ട് പോലീസ് സ്റ്റേഷൻ, ഫോർട്ട് സർക്കിൾ ഇൻസ്പെക്ടർ, പോലീസ് അസിസ്റ്റന്റ് കമ്മീഷണർ, പോർട്ട് സിറ്റി കമ്മീഷണർ എന്നിവർക്ക് 2001 ഒക്ടോബർ 29-ാം തീയതി മുതൽ എത്ര പരാതികൾ കിട്ടി;

(ഇ) അതിൻമേൽ എന്തെല്ലാം നടപടികളെടുത്തുവെന്ന് വ്യക്തമാക്കുമോ;

(എഫ്) ഒരു നടപടിയും എടുക്കാത്തപക്ഷം അതിനുള്ള കാരണമെന്ത്; നടപടി യെടുത്തെങ്കിൽ അതിന്റെ വിവരം ശ്രീ. സോമശേഖരൻ നായരെ അറിയിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് പറയുമോ;

(ജി) ശ്രീ. സോമശേഖരൻ നായരുടെ പ്രസ്തുത പുരയിടത്തിൽ ഇറക്കിയിരുന്ന രണ്ടു ലോറി പാറ നാണുക്കുട്ടൻ നായർ മുതൽ പേർ മോഷ്ടിച്ചതായി ശ്രീ. സോമശേഖരൻ നായർ 29-10-2001-ൽ പോലീസിൽ പരാതി നൽകിയിരുന്നുവോ;

(എച്ച്) ഇക്കാര്യം സംബന്ധിച്ച് 28-4-2003-ൽ ഡി.ജി.പി.-ക്ക് പരാതി നൽകി യിരുന്നുവോ;

(ഐ) ഈ പരാതികളിലെ വിഷയം സിവിൽ കേസുമായി ബന്ധപ്പെട്ടവയാണോ; എങ്കിൽ എപ്രകാരമെന്ന് പറയുമോ;

(ജെ) ഡി.ജി.പി.-ക്ക് സോമശേഖരൻനായർ നൽകിയ പരാതിയിലെ 4-ാം കക്ഷി പോലീസ് വകുപ്പ് ജീവനക്കാരനാണോ;

(കെ) എങ്കിൽ അയാൾ ക്രിമിനൽ കുറ്റം ചെയ്തതായി കിട്ടിയ പരാതിയിൻമേൽ എന്തന്വേഷണം നടത്തിയെന്ന് വെളിപ്പെടുത്തുമോ;

(എൽ) ശ്രീ. സോമശേഖരൻ നായരുടെ പരാതി അന്വേഷിച്ച് നടപടി എടുക്കുകയും പ്രസ്തുത പരാതിക്കാരനെ വിവരം അറിയിക്കുകയും ചെയ്യുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) അഞ്ച് പരാതികൾ.

(ഇ) സോമശേഖരൻ നായരുടെ വസ്തുവിൽ കയറി നാണുക്കുട്ടൻ നായരും മറ്റും തേങ്ങ വെട്ടിയതിന് ഫോർട്ട് പോലീസ് സ്റ്റേഷൻ ക്രൈം 98/01 യു. /എസ്. 143, 147, 149, 447 ആന്റ് 379 ഐ.പി.സി. പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി തിരുവനന്തപുരം ജെ.എഫ്.എം.സി. 2 മുമ്പാകെ ചാർജ് ഹാജരാക്കുകയും ടി കേസ് സി. സി. 232/01 ആയി വിചാരണ നടന്നുവരികയുമാണ്.

(എഫ്) ടി നടപടിയെപ്പറ്റി സോമശേഖരൻ നായർക്ക് അറിയാവുന്നതാണ്.

(ജി) നൽകിയിരുന്നു. ഇത് സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണവും നടത്തിവരുന്നുണ്ട്.

(എച്ച്) നൽകിയിരുന്നു.

(ഐ) സിവിൽ കേസുമായി ബന്ധമില്ല.

(ജെ) പോലീസ് വകുപ്പ് ജീവനക്കാരനാണ് (പോലീസ് ഹെഡ് കോൺസ്റ്റബിൾ).

(കെ) പരാതിയിൽ പറഞ്ഞിരിക്കുന്ന കാര്യത്തിന് 25-10-2002 തീയതിയിൽ ഫോർട്ട് പോലീസ് സ്റ്റേഷൻ ക്രൈം കേസ് 527/02 നമ്പരായി 447, 427, 109 ആന്റ് 34 ഐ.പി.സി. വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരികയാണ്.

(എൽ) പരാതിയിൻമേൽ നടപടി എടുക്കുകയും വിവരം സോമശേഖരൻ നായരെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

കുന്നത്തൂരിൽ ഫയർ സ്റ്റേഷൻ

78 [5222] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര പുതിയ ഫയർ സ്റ്റേഷനുകൾ സ്ഥാപിച്ചു എന്ന് വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്ത് ഏതൊക്കെ താലൂക്കുകളിലാണ് ഫയർ സ്റ്റേഷനുകൾ ഇല്ലാത്തത് എന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഫയർ എഞ്ചിനുകൾ വാങ്ങിയെന്നും അവ ഏതൊക്കെ സ്റ്റേഷനുകൾക്ക് കൊടുത്തു എന്നും വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly